LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് വലിയപറമ്പ് ദ്വീപിൽ ടൂറിസം പ്രോജക്ട്

23 [2735] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ദ്വീപിൽ ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദവിവരങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) വലിയപറമ്പിൽ ബാക്ക് വാട്ടർ ടൂറിസം വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ബോട്ട്ജെട്ടിയും, ഫെസിലിറ്റി സെന്ററും, 4 ഹൗസ് ബോട്ടുകളും ഇവിടെ പ്രവർത്തിച്ചുവരുന്നു.

താമരക്കുളം പഞ്ചായത്തിലെ വയ്യാങ്കര ചിറയിലെ ടൂറിസം പദ്ധതി

24 [2736] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ താമരക്കുളം പഞ്ചായത്തിലെ 100 ഏക്കറോളം വരുന്ന വയ്യാങ്കര ചിറയിലെ ടൂറിസം പദ്ധതി നടപ്പാക്കുന്നതിലെ കാലതാമസം എന്തെന്ന് വിശദമാക്കാമോ;

(ബി) ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സമയബന്ധിതമായി ഈ പദ്ധതി നടപ്പാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഈ പദ്ധതി എന്ന് ആരംഭിച്ച് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ആവശ്യമായ സ്ഥലം ഏറ്റെടുക്കാൻ ജില്ല കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ടൂറിസം വകുപ്പിൽ ലഭ്യമായാലേ പദ്ധതി നിർവ്വഹണം സാധ്യമാക്കുകയുള്ളു.

(ബി ആന്റ് സി) 7-2-2004-ൽ ടൂറിസം വകുപ്പ് മന്ത്രി ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുകയും നടപടികൾ ത്വരിതപ്പെടുത്താൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.